# IDEAL INDIAN SCHOOL DOHA QATAR

MODEL QUESTION PAPER- 2021 - 2022
PERIODIC TEST – 1
SECOND LANGUAGE - MALAYALAM

Class : IX                                                                 Max.Marks: 40
Duration : 1.5Hrs

---

## എ വിഭാഗം

I. ഖണ്ഡികയിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം എടുത്തെഴുതുക. 4x1=4

കേരളത്തിലെ നാടോടി ഗാന സാഹിത്യത്തിലെ ഏറ്റവും സമ്പന്നമായ ശാഖയാണ് വടക്കൻപാട്ടുകൾ . വടക്കേ മലബാറിലെ വീരനായകരുടെ അപ ദാന കീർത്തനങ്ങളാണവയിൽ അധികവും പതിനഞ്ചാം നൂറ്റാണ്ടു മുതൽക്കെങ്കിലുമുള്ള വടക്കൻപാട്ടുകൾ കണ്ടുകിട്ടിയിട്ടുണ്ട് . പാട്ടുകളെ കാത്തു സൂക്ഷിച്ചു പോന്ന കൂട്ടായ്മയുടെ ഘടനയ്ക്ക് പറയത്തക്ക മാറ്റമൊന്നും ഉണ്ടാകാത്തതാവാം ആ സാഹിത്യ ശാഖ ഇന്നും സജീവമായി നിലനിൽക്കുന്നതിൻറെകാരണം .വടക്കേ മലബാറിലെ ആചാരങ്ങളും അനുഷ്ട്ടാനങ്ങളും ആയോധന പാരമ്പര്യവും അന്ധവിശ്വാസങ്ങളുമെല്ലാം വടക്കൻപാട്ടിൽ പ്രതിഫലിക്കുന്നു . വടക്കൻപാട്ടുകളെ പ്രധാനമായും മൂന്നു വിഭാഗങ്ങളായി തിരിക്കാം . പുത്തൂരംവീട്ടുകാരുടെ കഥ പറയുന്ന പുത്തൂരംപാട്ടുകൾ തച്ചോളി തറവാട്ടുകാരുടെ കഥ പറയുന്ന തച്ചോളിപ്പാട്ടുകൾ ഈ രണ്ട ഗണത്തിലും പെടാത്ത ഒറ്റയൊറ്റ കഥകൾ. ഇവയ്ക്കു വടക്കൻപാട്ടുകൾ എന്ന പേര് എങ്ങനെ വന്നുവെന്ന് വ്യക്തമല്ല.ഉത്തര മലബാറിലെ പാട്ടുകൾ എന്ന അർത്ഥത്തിൽ തെക്കുള്ളവർ വിളിച്ചതാവാം . ഇത് പോലെ കേരളത്തി ൻറെതെക്കൻ ജില്ലകളിൽ പ്രചാരത്തിലുള്ളപ്പാട്ടുകളെ തെക്കൻപാട്ടുകളെന്നും മധ്യതിരുവിതാംകൂറിലുള്ള പാട്ടുകളെ ഇടനാടൻ പാട്ടുകളെന്നും വിളിക്കുന്നു.

ചോദ്യങ്ങൾ

1. വടക്കൻ പാട്ടിൽ പ്രതിഫലിക്കുന്നതെന്ത് ?
2. തെക്കൻപാട്ടുകൾ എന്ന പേര് വന്നതെങ്ങിനെയാണ് ?
3. വടക്കൻ പാട്ടുകളെ വിഭാഗങ്ങളായി തിരിക്കാം ? ഏതെല്ലാം ?
4. വടക്കൻ പാട്ടുകൾക്ക് ആ പേര് ലഭിച്ചതെങ്ങിനെ ?

## ബി - വിഭാഗം

II.കേരളത്തിലെ മഴക്കെടുതിയെ അടിസ്ഥാനമാക്കി ഒരു പത്ര വാർത്ത തയ്യാറാക്കുക . **1x3=3**

## സി - വിഭാഗം

**III. 1. പര്യായം എഴുതുക** **2x1=2**

a. വണ്ടി b. വിളക്ക്

**2. നാനാർത്ഥം എഴുതുക** **2x1=2**

a. വേല b. ഭൂതം

**3. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **2x1=2**

a. അത്യന്തം b. കണ്ണുനീർ

**4. വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക** **2x1=2**

a. സൂര്യാംശു b. മില്ലുടമ

**ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും എടുത്തെഴുതുക**

**5. അർത്ഥവ്യത്യാസം എഴുതുക** **1x1=1**

a. മതി - മദി (ദുഃഖം, ബുദ്ധി ,മായ, കലപ്പ )

**6. വിപരീതം എഴുതുക** **2x ½ = 1**

a. ശുഭം b. ലക്ഷ്യം ( ഭീരു ,അശുഭം , അലക്ഷ്യം, ധീരൻ )

**7. എതിർലിംഗം എഴുതുക** **2x ½ = 1**

a. ധനികൻ b. ഈശ്വരൻ ( ദരിദ്രൻ , ധനിക , ഈശ്വരി , നിരീശ്വരി )

**8. പ്രയോഗം മാറ്റുക** **1x1=1**

a. വാരണാസിയിൽ എത്തുന്നതിനു മുമ്പ് തന്നെ ഞാൻ ഊണ് കഴിച്ചു .

**9. നിഷേധവാക്യമാക്കുക** **1x1=1**

a. അമ്മ വിഭവസമൃദ്ധമായ അത്താഴം ശരിയാക്കിവെച്ചിരുന്നു .

**10. തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക** **1x1=1**

a. എതാണ്ട് സമപ്രായക്കാരായ ഞങ്ങൾക്ക് അന്യോന്യം ആദരവു കലർന്ന ഒരു ബഹുമാനവും സ്നേഹവുമാണ് തോന്നിയത് .

**11. ലഘു വാക്യങ്ങളാക്കുക** **1x1=1**

a. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകവും ബുദ്ധിയും കൊടുത്തിരിക്കുന്നത്

**12. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** **1x1=1**

a. കൽക്കട്ടയിൽ നിന്നും തീ വണ്ടി കയറുമ്പോൾ സുഹൃത്തുക്കൾ ടിക്കറ്റും നൂറു രൂപയുടെ പത്തു നോട്ടുകൾ അടക്കം ചെയ്തിരുന്ന കവറും എന്നെ ഏൽപ്പിച്ചു .

**13. ആഖ്യാനത്തെ അനുഖ്യാനമാക്കുക** **1x1=1**

a. ദാമോദർ :- "നമുക്കിന്നു ടാക്സിയിൽ പോകാം . ബസ്സു കാത്ത് നിന്ന് സമയം കളയണ്ട"

യതി :- " ശരി, നമുക്ക് അങ്ങിനെ പോകാം "

**ഡി - വിഭാഗം**

**IV.ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും എടുത്തെഴുതുക** **4x ½ = 2**

a. വിശ്വം ദീപമയം എന്ന കവിത എഴുതിയത് ആരാണ് ?
( കുമാരനാശാൻ , യതി , ഉള്ളൂർ എസ് പരമേശ്വരയ്യർ , അയ്യപ്പപ്പണിക്കർ )

b." എൻറെ മനസ്സിൻറെ ദാർഢ്യം തത്ത്വ ചിന്തയിൽ നിന്നും ലഭിച്ചതാണ് "ആരുടെ മനസ്സിൻറെ ദാർഢ്യമാണ് തത്ത്വചിന്തയിൽ നിന്നും ലഭിച്ചത് ?
(യതിയുടെ , കർത്താർസിങ്ങിൻറെ, രാം ഗോപാൽ മിശ്രയുടെ , ദാമോദറിൻറെ)

c.വിശ്വം ദീപമയം എന്ന കവിത ഏത് കൃതിയിൽ നിന്നാണ് എടുത്തിരിക്കുന്നത് ?
( സാഹിത്യ മഞ്ജരി , നവയുഗോദയം, പന്തങ്ങൾ , കണ്ണട )

d. ബൃഹത്തായ ഫിലോസഫി ഗ്രന്ഥശേഖരമുള്ളത് ആർക്കാണ് ?
( യതിയ്ക്ക് , കർത്താർസിങ്ങിന്, രാം ഗോപാൽ മിശ്രയ്ക്ക് , ദാമോദറിന് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **4x3=12**

1 "പെട്ടെന്ന് തോന്നുന്നത് ലോകം തവിടുപൊടിയായിപ്പോയെന്നാണ് " ഈ തോന്നലിനു കാരണമായ സന്ദർഭമേത് ? വിശദീകരിക്കുക

2.ശുഭാപ്തി വിശ്വാസമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത് വിശദീകരിക്കുക

3." ജീവിതത്തിൽ ആപത്ത് ആർക്കുമുണ്ടാവാം ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത് " സന്ദർഭം , ആശയം വിശദീകരിക്കുക .

4. ‘ മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർദ്ധരാത്രം.’ ... ആശയം വിശദീകരിക്കുക

VI.**ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക ?** **1x2=2**

a, നരേന്ദ്രൻറെ വായനയെ കുറിച്ച് അദ്ദേഹത്തിൻറെ തന്നെ അഭിപ്രായം എന്ത് ?

b, വിവേകാനന്ദൻറെ ജനനത്തെ കുറിച്ച് കുറിപ്പെഴുതുക

*********************************************************************************************